A1/151/2024-CLAD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സാംസ്കാരികകാര്യ വകുപ്പ് - കേരള ലളിതകലാ അക്കാദമിയ്ക്ക് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിവിഹിതത്തിൽ നിന്നും ഒന്നാം ഗഡു അനുവദിച്ച് ഉത്തരവാകുന്നു.

---

സാംസ്കാരിക കാര്യ (എ) വകുപ്പ്

സ.ഉ.(സാധാ) നം.316/2024/CLAD തീയതി,തിരുവനന്തപുരം, 15-06-2024

---

പരാമർശം:- 1. കേരള ലളിതകലാ അക്കാദമി സെക്രട്ടറിയുടെ 01.06.2024 തീയതിയിലെ കെ എൽ കെ. ബി 563/24 നമ്പർ കത്ത്.

2. സ.ഉ.(സാധാ)നം.269/2024/സാം.കാ.വ തീയതി 30.05.2024

<u>ഉത്തരവ്</u>

കേരള ലളിതകലാ അക്കാദമിയ്ക്ക് 2024-25 സാമ്പത്തിക വർഷം പദ്ധതി വിഹിതമായി "2205-00-102-91-36 (പ്ലാൻ)" എന്ന ശീർഷകത്തിൽ 5,50,00,000/- രൂപ (അഞ്ച് കോടി അമ്പത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പരാമൃഷ്ട ഉത്തരവ് പ്രകാരം, കേരള ലളിതകലാ അക്കാദമിയുടെ 2024-25 സാമ്പത്തിക വർഷത്തെ വിവിധ പദ്ധതി പ്രവർത്തനങ്ങൾ, പദ്ധതിച്ചെലവ് 5,50,00,000/- രൂപയായി നിജപ്പെടുത്തിക്കൊണ്ട് നിർവഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിരുന്നു. പദ്ധതി വിഹിതത്തിൽ നിന്നും ആദ്യ ഗഡു അനുവദിക്കണമെന്ന് പരാമൃഷ്ട കത്ത് പ്രകാരം കേരള ലളിതകലാ അക്കാദമി സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭരണാനുമതി ഉത്തരവ് പ്രകാരമുള്ള ഘടകങ്ങൾക്ക് മാത്രമേ തുക വിനിയോഗിക്കാവൂ എന്ന നിബന്ധനയ്ക്ക് വിധേയമായി, കേരള ലളിതകലാ അക്കാദമിയ്ക്ക് 2024-25 സാമ്പത്തിക വർഷം 2205-00-102-91-36 എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും 1,10,00,000/- രൂപ (ഒരു കോടി പത്ത് ലക്ഷം രൂപ മാത്രം) ആദ്യ ഗഡുവായി അനുവദിച്ച് ഉത്തരവാകുന്നു.

3. പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള പ്ലാൻ സ്കീം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ വിശദാംശങ്ങളും കേരള

ലളിതകലാ അക്കാദമി സെക്രട്ടറി, സാംസ്കാരികവകുപ്പ് ഡയറക്ടറുടെ തിരുവനന്തപുരത്തെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതും, പ്രസ്തുത തുക സംബന്ധിച്ച ധനവിനിയോഗ സർട്ടിഫിക്കറ്റ് 3 മാസത്തിനകം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരികവകുപ്പ് ഡയറക്ടർക്കും ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, കേരള ലളിതകലാ അക്കാദമി, തൃശ്ശൂർ

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി ഒ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ധനകാര്യവകുപ്പ് (E 2813568) EDN-C5/29/2024-FIN dated 13.06.2024)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
Date: 18-06-2024 14:41:33

സെക്ഷൻ ഓഫീസർ